ഉത്തരം

(എ & ബി) ക്രമക്കേടുകൾ ഒന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ 2002-2003-ൽ പേവിഷബാധക്കെതിരായുള്ള മരുന്നു വാങ്ങിയതിൽ ക്രമക്കേടുകൾ ഉള്ളതായി ആരോപിക്കപ്പെടുന്നുണ്ട്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു.

(സി) വിവിധ ജില്ലകളിലായി 31 ഇനം മരുന്നുകൾ.

(ഡി) എല്ലാ ജില്ലകളിലേക്കും ആവശ്യമായ മരുന്നുകൾ അവരുടെ വാർഷിക ഇന്റന്റ് പ്രകാരം വാങ്ങി എല്ലാ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ട്. സ്റ്റോറുകളിൽ നിന്നും ഓരോ സ്ഥാപനത്തിലേക്കും ആവശ്യമായ മരുന്നുകൾ യഥാസമയം നൽകിവരുന്നു. മരുന്നുക്ഷാമം ഇപ്പോൾ നിലവിലില്ല.

കൊക്കക്കോള-പെപ്സി ഉൽപ്പന്നങ്ങൾ നിരോധിക്കാൻ നടപടി

150 [151] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കക്കോള-പെപ്സി കമ്പനികളുടെ ഉല്പന്നങ്ങളിൽ അനുവദനീയ അളവിൽ കൂടുതൽ കീടനാശിനികളുടെ അംശം ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ ഉല്പന്നങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ലാബുകളിൽ പരിശോധിച്ചു; പരിശോധനാഫലം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പാലക്കാട്ടെ കൊക്കക്കോള-പെപ്സി കമ്പനികളിൽനിന്നും പുറന്തള്ളപ്പെടുന്ന ഖരമാലിന്യത്തിൽ മാരകമായ വിഷാംശം ഉണ്ടെന്ന പരാതി സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) പാലക്കാട്ടെ പെപ്സി, കോള കമ്പനി[illegible] ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമൂലം ആ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിനും, കാർഷികാവശ്യത്തിനുള്ള ജലത്തിനും ബുദ്ധിമുട്ടുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) പെപ്സി-കൊക്കക്കോള ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഇവയുടെ വില്പന സംസ്ഥാനത്ത് നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ചത് കൂടാതെ ദേശീയ അംഗീകാരമുള്ള താഴെപ്പറയുന്ന നാലു ലബോറട്ടറികളിൽ പരിശോധിച്ചിട്ടുണ്ട്.

1. എസ്. ജി. എസ്. ചെന്നൈ
2. വിംറ്റാലാബ്, ഹൈദ്രാബാദ്
3. ബാംഗ്ലൂർ ടെസ്റ്റ് ഹൗസ്
4. ശ്രീറാം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ

ആദ്യത്തെ മൂന്ന് ലബോറട്ടറികളിലെ പരിശോധനയിലും സംസ്ഥാനത്തെ ലബോറട്ടറികളിലെ പരിശോധനയിലും കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല. ശ്രീറാം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പരിശോധനയിൽ ബി. എച്ച്. സി., മാലത്തിയോൺ എന്നീ കീടനാശിനികളുടെ അംശം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കൊക്കകോള ഫാക്ടറിയിൽനിന്നുള്ള ഖരമാലിന്യത്തിൽ കാഡ്മിയം, ലെഡ് എന്നീ ലോഹങ്ങളുടെ ആധിക്യമുള്ളതായി വാർത്ത ഉണ്ടായത് 2003 ജൂലൈയിൽ ആയിരുന്നു. തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 29-7-2003-ൽ ഖരമാലിന്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയപ്പോൾ 201.8 മില്ലിഗ്രാം/കിലോഗ്രാം കാഡ്മിയവും (അനുവദനീയപരിധി 50 മില്ലിഗ്രാം/കിലോഗ്രാം) 319 മില്ലിഗ്രാം/കിലോഗ്രാം ലെഡും (അനുവദനീയ പരിധി 5000 മില്ലിഗ്രാം/കിലോഗ്രാം) അടങ്ങിയിട്ടുള്ളതായി കണ്ടു.

2003 ആഗസ്റ്റ് മാസത്തിൽ ബോർഡ് നടത്തിയ പഠനത്തിൽ ഖരമാലിന്യത്തിലെ കാഡ്മിയത്തിന്റെ അളവ് രണ്ടു സാമ്പിളുകളിൽ 17.1 മില്ലിഗ്രാം/കിലോഗ്രാം, 36.5 മില്ലിഗ്രാം/കിലോഗ്രാമും ആയിരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോടൊപ്പം 2003 സെപ്തംബറിൽ കൊക്കകോള ഫാക്ടറിയിൽനിന്നും ഖരമാലിന്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയപ്പോൾ കാഡ്മിയത്തിന്റെ അളവ് 338.8 മില്ലിഗ്രാം/കിലോഗ്രാം വരെ ഉണ്ടായിരുന്നു.

പെപ്സി കൊ ഇന്ത്യാ ഹോൾഡിങ്സ് പ്രൈവറ്റ് ലിമിറ്റഡ് ഫാക്ടറിയിൽ നിന്നും ഖരമാലിന്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തിയപ്പോൾ കാഡ്മിയത്തിന്റെ അളവ് 109.5 മില്ലിഗ്രാം/കിലോഗ്രാം ഉണ്ടായിരുന്നു. (കാഡ്മിയത്തിന്റെ അനുവദനീയ പരിധി 50 മില്ലിഗ്രാം/കിലോഗ്രാം ആണ്)

LIBRARY ARCHIVES Kerala Legislative Assembly

(ഇ & എഫ്) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ജി) ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടങ്ങളിൽ, ലഘുപാനീയങ്ങളിലെ അനുവദനീയമായ കീടനാശിനി അളവ് നിജപ്പെടുത്തിയിട്ടില്ല. ആവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയും.

വികസന ബ്ലോക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പദ്ധതി

151 [152] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന ബ്ലോക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടർവത്ക്കരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിന്റെയോ മറ്റ് ഏതെങ്കിലും വിദേശ ഏജൻസികളുടെയോ ധനസഹായം ലഭ്യമാകുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?.

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലോക്കുകളുടെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി 1998, 1999 വർഷങ്ങളിൽ രണ്ടു കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ സഹിതം എല്ലാ വികസന ബ്ലോക്കുകൾക്കും നൽകിയിരുന്നു. ഇത് കൂടാതെ എല്ലാ ബ്ലോക്കുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റിയും ഇ-മെയിൽ സൗകര്യവും ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

നീർത്തട വികസന പദ്ധതികൾ

152 [153] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സ ുമ മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പ് നേരിട്ടും സന്ന ധ സംഘടനകൾ മുഖാന്തിരവും സംസ്ഥാനത്ത് എത്ര നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, നീർത്തടത്തിന്റെ വിസ്തീർണ്ണം, നീർത്തടം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്, ബ്ലോക്ക്, ആകെ അടങ്കൽ തുക, പദ്ധതികളുടെ കാലാവധി, ഓരോ പ്രവർത്തനങ്ങൾക്കും വേണ്ടി 31-12-2003 വരെ ചെലവഴിച്ച തുക എന്നിവ ഓരോന്നും പ്രത്യേകമായി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly